പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5648 | 24.05.2017 ൽ മറുപടിക്ക്

## പ്രധാനമന്ത്രി ദേശീയ ഡയാലിസിസ് പരിപാടി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.കെ.സി.ജോസഫ്<br>,, റോജി എം. ജോൺ<br>,, എൽദോസ് കുന്നപ്പിള്ളി<br>,, വി.പി.സജീന്ദ്രൻ | | ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| (എ) | വൃക്ക രോഗികളുടെ എണ്ണം ആശങ്കാജനകമായി ഉയരുന്നതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; | (എ) | ജീവിത ശൈലീ രോഗങ്ങളായ പ്രമേഹവും, രക്താദി സമ്മർദ്ദവും, അമിതവണ്ണവുമാണ് വൃക്ക രോഗങ്ങൾ കൂടുന്നതിനുള്ള കാരണങ്ങൾ. |
| (ബി) | പ്രധാനമന്ത്രി ദേശീയ ഡയാലിസിസ് പരിപാടിയനുസരിച്ച് എല്ലാ ജില്ലാ ആശുപത്രികളിലും ഡയാലിസിസ് സേവനം നടപ്പിലാക്കിയിട്ടുണ്ടോ; | (ബി) | പ്രധാനമന്ത്രി ദേശീയ ഡയാലിസിസ് പരിപാടി കേരളത്തിൽ നടപ്പിലാക്കിയിട്ടില്ല. |
| (സി) | ഈ പദ്ധതിയിൻ കീഴിൽ ഇതിനകം എന്ത് തുക കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചു; | (സി) | ബാധകമല്ല. |
| (ഡി) | ദേശീയ ആരോഗ്യ മിഷന് കീഴിലുള്ള എല്ലാ ദരിദ്രർക്കും സൗജന്യ ഡയാലിസിസ് പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ 2017 ജനുവരിക്ക് ശേഷം ഈ പദ്ധതി പ്രകാരം എത്ര രോഗികൾക്ക് സൗജന്യ ഡയാലിസിസ് നടത്തുകയുണ്ടായി; | (ഡി) | ഇല്ല. ദേശീയ ആരോഗ്യ മിഷൻ വഴി തെരെഞ്ഞെടുക്കപ്പെട്ട 14 ആശുപത്രികളിൽ 63 ഡയാലിസിസ് മെഷീനുകൾ നൽകിയിട്ടുണ്ട്. 2017 ഫെബ്രുവരിയിൽ 264 രോഗികൾക്കും മാർച്ചിൽ 284 രോഗികൾക്കും ഏപ്രിലിൽ 300 രോഗികൾക്കും ഡയാലിസിസ് സേവനം നൽകിയിട്ടുണ്ട്. |
| (ഇ) | സംസ്ഥാന സർക്കാർ വൃക്ക രോഗികൾക്ക് പെൻഷൻ ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അക്കാര്യം പരിഗണിക്കുമോ? | (ഇ) | ഉണ്ട്. 01/08/2016 ലെ സ.ഉ (എം.എസ്) 66/2016/സാ.നി.വ ഡയാലിസിസ് ചെയ്യുന്ന രോഗികൾക്ക് 1100 രൂപയും 01/10/2013 ലെ സ.ഉ (എം.എസ്) 78/2013/സാ.നി.വ വൃക്ക മാറ്റി വയ്ക്കൽ ശസ്ത്രക്രിയ കഴിഞ്ഞ രോഗികൾക്കും 1000 രൂപയും പെൻഷൻ ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ